II ഇ.ബി. XIV - കേരള നിയമസഭ/XV-11

# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജൂൺ 20, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

31(*301) നോർക്ക റൂട്ട്സിന്റെയും ഒഡെപെക്കിന്റെയും പ്രവർത്തനങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസിയായ നോർക്ക റൂട്ട്സ് മുഖേന ജി.സി.സി. രാജ്യങ്ങളിലുൾപ്പെടെ തൊഴിലവസരങ്ങൾ നൽകിവരുന്നുണ്ടെന്നും 1050 നഴ്സുമാർ ഉൾപ്പെടെ 1283 പേരെ ഇതുവരെ വിദേശത്തേയ്ക്ക് അയച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കുവൈറ്റിലെ അർദ്ധസർക്കാർ റിക്രൂട്ട്മെന്റ് കമ്പനിയായ 'അൽദുര ഫോർ മാൻപവർ' ആവശ്യപ്പെട്ടതനുസരിച്ച് ഗാർഹിക തൊഴിൽമേഖലയിൽ ഈ വർഷം ആയിരത്തോളം വനിതകളെ

തെരഞ്ഞെടുക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ഒഡെപെക് മുഖേന ഗൾഫ്/യുറോപ്യൻ രാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നുണ്ടെന്നും പ്രതിവർഷം 400-ഓളം പേർക്ക് ജോലി ലഭിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. വിദേശ ജോലിക്കുള്ള നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കാനായി നടപ്പിലാക്കിയ എക്സ്പ്രസ് റിക്രൂട്ട്മെന്റ് സംവിധാനത്തിലൂടെ മാസത്തിൽ രണ്ട് തവണ സൗദി അറേബ്യയിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെയും ടെക്നീഷ്യന്മാരുടെയും ഒഴിവുകളിലേയ്ക്ക് വീഡിയോ കോൺഫറൻസിംഗിലൂടെ റിക്രൂട്ട്മെന്റ് നടത്തിവരികയാണ്. സാന്ത്വന ദുരിതാശ്വാസ പദ്ധതിപ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയും മടങ്ങിയെത്തിയവരിൽ അവശതയനുഭവിക്കുന്നവർക്ക് ചികിത്സയ്ക്കായി 50,000 രൂപയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പെൺമക്കൾക്ക് വിവാഹത്തിന് 15,000 രൂപയും വൈകല്യം ഉള്ളവർക്ക് ക്രച്ചസ്, വീൽചെയർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിന് 10,000 രൂപയും പരമാവധി ധനസഹായമായി നൽകുന്നുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. ഉത്സവ സീസണിൽ വിമാന ടിക്കറ്റിൽ വരുത്തുന്ന അന്യായമായ വർദ്ധനവ്

നിയന്ത്രിക്കാൻ ഇടപെടണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒമാൻ എയർലൈൻസിൽ ഇക്കണോമി/ബിസിനസ്സ് ക്ലാസ്സിൽ യാത്ര ചെയ്യുന്ന നോർക്ക തിരിച്ചറിയൽ കാർഡുള്ള വിദേശ മലയാളികൾക്ക് ടിക്കറ്റ് നിരക്കിൽ ഏഴ് ശതമാനം ഇളവ് അനുവദിക്കുന്ന ഒമാൻ ഫെയർ പദ്ധതി നോർക്ക-റൂട്ട്സ് മുഖേന നടപ്പിലാക്കിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് മറ്റ് വിമാനക്കമ്പനികളുമായി ചർച്ച ചെയ്യുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പ്രവാസി മലയാളികളുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്നതുസംബന്ധിച്ച് ചർച്ച ചെയ്തുവരികയാണ്. മടങ്ങിയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് മുഖേന ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിച്ചുവരികയാണെന്നും 60 വയസ്സ് കഴിഞ്ഞ പ്രവാസികളെ ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തി പെൻഷനും മറ്റാനുകൂല്യങ്ങളും നൽകാനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുമെന്നും പ്രവാസി ലാഭവിഹിത പദ്ധതി ആവിഷ്കരിച്ച് ധനസമാഹരണം നടത്തുന്നതുസംബന്ധിച്ച് കിഫ്ബിയുമായി ചർച്ച ചെയ്യുമെന്നും വിദേശ രാജ്യങ്ങളിൽ ജയിലിൽ കഴിയുന്ന നിരപരാധികളായ പ്രവാസികൾക്ക് നിയമസഹായം

ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

32(*302 &*309 ) <u>കാൻസർ രോഗമില്ലാത്ത യുവതിയെ കീമോതെറാപ്പിക്ക് വിധേയമാക്കിയവർക്കെതിരെ നടപടി</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, കാൻസർ രോഗിയല്ലാത്ത യുവതിയെ കീമോതെറാപ്പിക്ക് വിധേയമാക്കിയ സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടെന്നും അടിയന്തര റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. പ്രിൻസിപ്പൽ തലത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ ഡോക്ടറുടെ ഭാഗത്ത് വീഴ്ചയുള്ളതായി രേഖപ്പെടുത്തിയിട്ടില്ലെന്നും Locally Advanced Cancer ആയതിനാൽ ഇതിന്റെ പ്രസരണം തടയുന്നതിന് അതിവേഗ ചികിത്സ ലഭ്യമാക്കുന്നതിനാണ് സ്വകാര്യ ലാബിൽ അയച്ച് സാമ്പിൾ പരിശോധന നടത്താനിടയായതെന്നാണ് അറിയാൻ

സാധിച്ചതെന്നും മന്ത്രി വ്യക്തമാക്കി. Chronic Granulomatous Mastitis എന്നാണ് മെഡിക്കൽ കോളേജിലെ പത്തോളജി ലാബിൽനിന്നുള്ള റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 'The Clinical Establishments (Registration & Regulation) Act' പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ നടന്നുവരികയാണെന്നും ഇത് പൂർത്തിയാകുന്നതോടെ സ്വകാര്യ ലാബുകളെ നിയന്ത്രിക്കുന്നതിനും റിപ്പോർട്ടുകളിൽ സൂക്ഷ്മതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനും സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ആർദ്രം മിഷനിലൂടെ മെഡിക്കൽ കോളേജുകളെയും സർക്കാർ ആശുപത്രികളെയും മെച്ചപ്പെടുത്തി ആധുനിക ഡയഗ്നോസിസ് സംവിധാനങ്ങളും ലാബ് സൗകര്യങ്ങളും ഏർപ്പെടുത്താനും ആരോഗ്യമേഖലയിലെ സ്വകാര്യവത്കരണം തടയാനും ഡോക്ടർമാരുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുന്നതോടൊപ്പം രോഗപ്രതിരോധ സംവിധാനം ഏർപ്പെടുത്തുകയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായും മലബാർ കാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ

ഇൻസ്റ്റിറ്റ്യൂട്ടായും മാറ്റുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമെന്നും മഞ്ചേരി മെഡിക്കൽ കോളേജിലെ ചികിത്സാ പിഴവിന് ഉത്തരവാദിയായ ഡോക്ടറെ സസ്പെന്റ് ചെയ്ത് തുടരന്വേഷണം നടത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

33(*303) <u>വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിൽ വിഭാവനം ചെയ്ത പുലിമുട്ടിന്റെ 565 മീറ്റർ പൂർത്തിയായിട്ടുണ്ടെന്നും ബെർത്തിന് ആവശ്യമായ 615 പൈലുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും "പ്രീകാസ്റ്റ് കോൺക്രീറ്റ്" യൂണിറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും കടൽ നികത്തി രൂപപ്പെടുത്തേണ്ട ഭൂമിയുടെ 40% പൂർത്തീകരിച്ചിട്ടുണ്ടെന്നും യാർഡ് വികസനവും അനുബന്ധ പ്രവൃത്തികളും നടന്നുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ 11 കെ.വി. വൈദ്യുതി ലൈനിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള 220 കെ.വി. ലൈനിന്റെ നിർമ്മാണം നടന്നുവരികയുമാണ്. 3.3 ലക്ഷം ലിറ്റർ പ്രതിദിന

ശേഷിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നതോടൊപ്പം തുറമുഖത്തിനാവശ്യമായ വെള്ളവും ലഭ്യമാക്കുന്നതാണ്. പാറയുടെ ദൗർലഭ്യം പുലിമുട്ട് നിർമ്മാണത്തെയും തുറമുഖത്തിന്റെ സമയബന്ധിതമായ പൂർത്തീകരണത്തെയും ബാധിക്കുമെന്ന ഇൻഡിപെൻഡന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി ക്വാറികൾ സ്ഥാപിക്കുന്നതിനും ഇതര സംസ്ഥാനങ്ങളിൽ നിന്നും പാറ കൊണ്ടുവരുന്നതിനും നിർദ്ദേശം നൽകിയതിനെത്തുടർന്ന് റവന്യൂ, മൈനിംഗ് & ജിയോളജി, പരിസ്ഥിതി വകുപ്പുകളുടെ അനുമതിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുണ്ടാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. നാലുവരിപ്പാതയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് അദാനി കമ്പനിക്ക് കൈമാറിയിട്ടുണ്ടെന്നും തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ജംഗ്ഷന്റെ ഡിസൈനിന് ദേശീയപാത അതോറിറ്റി (NHAI)-യുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. തുറമുഖത്തെ തിരുവനന്തപുരം-നാഗർകോവിൽ റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന

പ്രോജക്ട് നടപ്പിലാക്കുന്നതിന് കൊങ്കൺ റെയിൽവേ കോർപ്പറേഷനെ EPC കോൺട്രാക്ടറായി നിശ്ചയിച്ച് കരാറിലേർപ്പെടുകയും പ്രാഥമികാംഗീകാരം നൽകിയ പ്രോജക്ട് റിപ്പോർട്ട് ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. തുറമുഖ നിർമ്മാണത്തിനുള്ള ഭൂമിയുടെ 91% കൈമാറിയിട്ടുണ്ടെന്നും സ്ഥലം വിട്ടുനൽകാൻ വിസമ്മതം പ്രകടിപ്പിച്ച ഭൂവുടമകളിൽനിന്നും നിയമപ്രകാരം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും 2574 പദ്ധതി ബാധിതർക്ക് 81 കോടി രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടെന്നും പുനരധിവാസ പാക്കേജിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ഇവർക്ക് തൊഴിൽ നൽകുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട കമ്പനിയുമായി ചർച്ച ചെയ്യുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3461 മുതൽ 3758 വരെയുള്ള ചോദ്യങ്ങളിൽ 42 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)